


എ.വി.എം.എച്ച്.എസ്.എസ്. ചുനങ്ങാട് ലിറ്റിൽ കൈറ്റ് 2018–19 വർഷ യൂണിറ്റിന്റെ പ്രസിദ്ധീകരണം

# എ.വി.എം.എച്ച്.എസ്.എസ്.ചുനങ്ങാട്



1951-ൽ ജൂൺ 9 ശനിയാഴ്ച ചുനങ്ങാടിൻറെ വിദ്യാഭ്യാസ സംസ്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ച സുദിനം. മൂരിയത്ത് അച്ചുതവാരിയർ (B.A.L.T) എന്ന കർമ്മയോഗിയുടെ ജീവിതാദ്ധ്യയത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒരു കാൽവെപ്പ്. ഒട്ടേറെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് , ചുനങ്ങാട് ഹൈസ്കൂൾ എന്ന ഈ സരസ്വതിക്ഷേത്രത്തിൻറെ അംഗീകാരം അന്നത്തെ മദിരാശി ഗവൺമെൻറിൽ നിന്ന് അദ്ദേഹംനേടിയെടു - ത്തപ്പോൾ അത് ഒരു ജനതയുടെ സ്വപ്നസാക്ഷാത്കാരവും അതോടൊപ്പം ഈ നാടിൻറെ ചരിത്രവുമായി മാറി.

സ്ഥാപകൻ, തൻറെ മാതുലൻറെ വഴിത്താര പിൻതുടർന്നാണ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ഈ വിദ്യാലയം സ്ഥാപിച്ചത്. ഷൊർണൂർ ഹൈസ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കവേയാണ് ഒരു നിയോഗംപോലെ ഈ വിദ്യാലയാരംഭത്തിന് സന്നദ്ധനായത്.അദ്ദേഹം 1951-ൽ പ്രസ്തുതവിദ്യാ- ലയത്തിൽ നിന്നും വിടുതൽ വാങ്ങി ഈ വിദ്യാലയത്തിൽ പ്രധാനാദ്ധ്യാപകനായി ചുമതലയേറ്റു. ആദ്യബാച്ചിൽ 93 വിദ്യാർത്ഥികളും 2 അദ്ധ്യാപകരുമായി പ്രവർ ത്തനമാരംഭിച്ച വിദ്യാലയത്തിൽ പിന്നീട് ആവശ്യാനുസരണമുള്ള സ്റ്റാഫ് അംഗങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. അന്നത്തെ ജില്ലാ വിദ്യാഭ്യാസ ഓഫിസറുടെ സാന്നിധ്യത്തിൽ സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയായിരുന്ന ശ്രീമതി.സി. കുഞ്ഞിക്കാവമ്മ ദേശീയപതാക ഉയർത്തിക്കൊണ്ട് ആ ധന്യമുഹൂർത്തതിൻറെ ഭാഗഭാ- ക്കായി. അക്കാലത്ത് ഈ ഭാഗത്ത് ഒരു ഹൈസ്കൂൾ അത്യാവശ്യമായിരുന്നു എന്ന് കാലം തെളിയിച്ച വസ്തുതയാണ്. അമ്പലപ്പാറ, മേലൂർ, കീഴൂർ,കടമ്പൂർ, വേങ്ങശ്ശേരി ,എന്നീ പ്രദേശങ്ങളിൽ നിന്നെല്ലാം ധാരാളം വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ എത്തിയിരുന്നു.ഒരു ബഹുമുഖപ്രതിഭയായിരുന്ന സ്ഥാപകൻ അക്കാദമിക്ക് നിലവാരം ശ്രദ്ധിച്ചതോടൊപ്പംതന്നെ വിദ്യാർത്ഥികളുടെ കലാകായിക രംഗങ്ങളിൽ മെച്ചപ്പെടുത്തുന്നതിനും ദത്തശ്രദ്ധനായിരുന്നു. സംസ്ഥാനത്തിനകത്തും പുറത്തും പ്രസ്തുത രംഗങ്ങളിൽ വിദ്യാലയത്തിൻറെ മികവ് വ്യക്തമാക്കപ്പെട്ടിരുന്നു.

ചുനങ്ങാട് ഹൈസ്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ സ്ഥാപനം സ്ഥാപകൻറെ വിയോഗത്തിനുശേഷം അച്ചുതവാരിയർ മെമ്മോറിയൽ ഹൈസ്കൂൾ (AVM HIGH SCHOOL) എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു.

2014-ൽ കേരളാഗവണ്മെൻറിൽനിന്നും ഹയർസെക്കണ്ടറി വിദ്യാലയമാക്കി ഉയർത്തിക്കൊണ്ട് ഉത്തരവ് ലഭിച്ചതോടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള ഒരു ചുവടുകൂടി ഈ വിദ്യാലയം പിന്നിട്ടിരിക്കുന്നു. അറിവിൻറെ കേന്ദ്രമായി വർത്തിച്ചുകൊണ്ട് ഈ നാടിൻറെ പുരോഗതിയിൽ ഈ സ്ഥാപനം എന്നും കാലാതിവർത്തിയായി നിലകൊള്ളട്ടെ.

# എഡിറ്റോറിയൽ ബോർഡ്

## സ്റ്റാഫ് എഡിറ്റേർസ്



കബീറലി . കെ .ടി

( S I T C)



ഗിരീഷ് .ഇ.പി

( HSA മലയാളം)



ഷാജഹാൻ.പി.ടി

(കൈറ്റ് മാസ്റ്റർ)



ജയചിത്ര .വി

(കൈറ്റ് മിസ്റ്റസ്)

## സ്റ്റുഡന്റ് എഡിറ്റേർസ്



സൂരജ് .എൻ



മുഹസിന . എം



**എൻ. ദാസ്**

( ഹെഡ്മാസ്റ്റർ )

**സ**മൂഹത്തിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ മുൻകൂട്ടിക്കണ്ട് അതിനനുസരിച്ച് ഭാവിപൗരൻമാരെ വാർത്തെടുക്കലാണ് വിദ്യദ്യാസത്തിന്റെ പ്രഥമ ലക്ഷ്യം.അതിന് മുതൽക്കൂട്ടായി മാറിയിക്കുകയാണ് ഡിജിറ്റൽ ക്ലാസ്റൂം എന്ന സംവിധാനം. പഠനാനുഭവം കൺമുനിൽ കണ്ട് മനസ്സിലേക്ക് നേരിട്ട് ആവാഹിക്കാനും കാര്യങ്ങളെ നേരനുഭവത്തോടെ പകർത്താനും ഇന്ന് സാധിക്കുന്നു. വിവരസാങ്കേതികവിദ്യയുടെ ഈ കാലത്ത് പൊതുവിദ്യലയങ്ങളിലെ കുട്ടികൾ പുറകോട്ടല്ല പോകെണ്ടത് സമൂഹത്തിന്റെ മാറ്റങ്ങൾക്ക് വഴിതെളിച്ച് മുന്നിലാണ് പോകേണ്ടത് എന്ന കാഴ്ചപ്പാടാണ് ഡിജിറ്റൽ ക്ലാസ്റൂം എന്നതിന് പ്രാധാന്യംവർദ്ധിക്കുന്നത് എഴുത്തിനും വായനക്കും ഒപ്പം തന്നെ ഇപ്പോൾ ഡിജിറ്റൽ വിദ്യാദ്യാസത്തിനും പ്രാധാന്യം വർദ്ധിക്കുന്നു. വിവരസാങ്കേതിക വിദ്യദ്യാസം എന്നത് ഒഴിച്ചുകൂടാനാവാത്ത ഒന്നായിരിക്കുന്നു ഇന്ന്. അതുകൊണ്ട് തന്നെ പോതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ പഠനത്തിന് പ്രധാന്യം വർധിക്കുന്നു

കേവലം എഴുത്തിനും വായനിയിലും ഒതുങ്ങിയിരിക്കുന്ന വിദ്യാദ്യാസം ഇന്ന് അനന്തമായ സാധ്യധകളിലേക്കേ് എത്തി നിൽക്കുന്നു. കാലഘട്ടത്തിന്റെ അനിവാര്യമായ ഡിജിറ്റൽ മാഗ്സിനും അതിന് നേതൃത്വം നൽകുന്ന ലിറ്റിൽ കൈറ്റ് യൂണിറ്റിനും എല്ലാവിധ ആശംസകളും നേരുന്നു.



പൊതുവിദ്യാലയ സംരക്ഷണ യത്നത്തിന്റെ ഭാഗമായി വിദ്യാർത്ഥികളെ ഐ.ടി മേഖലയിൽ കഴിവുറ്റവരാക്കി മാറ്റുന്നതിനായി രൂപീകരിച്ച ലിറ്റിൽകൈറ്റ് എന്ന പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്ക്കൂളിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഏറെ അഭിമാനത്തോടെ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

അതോടൊപ്പം തന്നെ മാഗസിൻ തയ്യാറാക്കുന്നതിനായി ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാ അദ്ധ്യാപിക - അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ. രവീന്ദ്രൻ.എം
( സ്കൂൾ പി.ടി.എ പ്രസിഡന്റ് )



പുതുതലമുറയ്ക്ക് വിവരസാങ്കേതികവിദ്യയിൽ അഭിരുചി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലിറ്റിൽകൈറ്റ് യൂണിറ്റിന്റെ സ്കൂളിലെപ്രവർത്തനം ഏറെ പ്രശംസനീയമാണ്. നൂതന സങ്കേതിക വിദ്യകൾ ഏറെ വളർന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാർത്ഥികളുടെ ഇത്തരം പ്രവർത്തനങ്ങൾപ്രതീക്ഷാവഹമാണ്.

പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച it's കൂൾ എന്ന മാഗസിന് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

ശ്രീ.എം. ശ്രീധരൻ
(സ്കൂൾ മാനേജർ)

# ഉള്ളടക്കം


**1.നേരിടാം ഈ ദുരന്തത്തെ........................................................................................8**
**2.DRUGS THE SILENT KILLER.........................................................................9**
**3 കുഞ്ഞുമഴ,വിഢിയായ സിംഹം...........................................................................10**
**4.കവിത കടൽ,കുഞ്ഞുപൂമ്പാറ്റ.............................................................................11**
**5.POEM THE LOVELY PUP ,STARS...............................................................12**
**6.ശാസ്ത്ര അപരനാമങ്ങൾ.......................................................................................13**
**7.കേരളം അപരനാമങ്ങൾ........................................................................................14**
**8.കവിത ഹൈടെക്.....................................................................................................15**
**9.സംസ്കൃതം ശുഭ വചനങ്ങൾ ...............................................................................16**
**10.ഗണിത രൂപങ്ങൾ ...................................................................................................17**
**11.എനിക്കുണ്ടൊരു സുഹൃത്ത്,RAIN.......................................................................18**
**12.INSPIRATIONAL QUOTES...............................................................................19**
**13.ചിത്രശാല .................................................................................................................20**
**14.ചിത്രശാല .................................................................................................................21**
**15 .DIGITAL PAINTINGS........................................................................................22**
**17.സ്കൂൾ വാർഷികാഘോഷം ....................................................................................23**
**18.പ്രധാന നിമിഷങ്ങൾ.................................................................................................24**
**19.സ്കൂളിന്റെ അഭിമാനങ്ങൾ ....................................................................................25**
**20.സ്കൂൾ ആൽബം........................................................................................................26**
**21.നന്ദി.............................................................................................................................27**

# നേരിടാം ഈ ദുരന്തത്തെ

അതിഭീകരമായിരുന്നു കേരളം ഈ വർഷം നേരിട്ട പ്രളയം. ഇപ്പോഴും നാം അതിൽ നിന്നും പൂർണ്ണമായും മോചനം നേടിയിട്ടില്ല. അപ്രതീക്ഷിതമായിട്ടായിരുന്നു ആ ദുരന്തം എത്തിയത്. നിരവധി പേർ അതിൽ പെട്ട് മരണമടഞ്ഞു.അനേകം പേർക്കു പരു ക്ക്പറ്റി.അനേകം പേർക്കു സർവ്വതും നഷ്ടപെട്ടു. അവസാനം ദുരന്തം വഴി മാറി. ഇനി നമുക്ക് എല്ലാം ശരിയാക്കണം. അതിനായി നമുക്ക് ക ഠിനമായി പ്രവർത്തിക്കാം. ഇങ്ങനെ ഉള്ള അവസരത്തിൻ നിരാശരാകാതിരിക്കുക. സമചിത്തതയോടെ ദുരന്തത്തെ നേരിടുകയാണ് വേണ്ടത് . പ്രളയം പ്രകൃതിയു ടെ സാധാരണ പ്രതിഭാസമാണ്. അത്തരം ദുരന്തങ്ങൻ ഇനിയും ആവർത്തിച്ചേക്കാം. ദുരന്തത്തെ നേരിട്ട്ജീവിക്കാനുള്ളധീരതയും വൈദഗ് ദ്യവും നാം ആർജ്ജിക്കുകയാണ് വേണ്ടത്. ദുരന്തമനുഭവിച്ചവർക്കും ദുരന്തത്തിൻനിന്ന് നമ്മേ രക്ഷിക്കാനെത്തിയ ധീരന്മാർക്കും നിങ്ള്ക്ക എല്ലാമായി പ്രാർത്ഥിക്കുക. ആത്മവിശ്വാസം േനടുക. പഠനത്തിൻ കൂടുതൻ ആത്മാർത്ഥമായി ശ്രദ്ധിക്കുക. വിജയം നിങ്ങളെ കാതോർത്ത് നിൽക്കുന്നുണ്ട്. ലിറ്റിൽകൈറ്റ്സിന്റെ എല്ലാ സഹായങ്ങളും പ്രാർത്ഥനകളും എന്നുംഎപ്പോഴും നിങ്ങൾക്കായുണ്ട്.

**ആശംസകൾ**

# ***DRUGS;*** *THE SILENT KILLER*

*Nowadays the major problem facing in our society is the addiction of youngsters to drugs.*

*Drugs are chemicals which have been discovered to cure diseases .....but nowadays its used for pleasure seeking. When people became dependent on drugs to solve their problems they lost the capacity to deal with life's situations through self discipline and mental effort. When people are taking drugs as for seeking pleasure it affects them badly. So many health disorders are related to drugs.*

*It cause diseases in brain,vein,liver,kidneys etc.....*
*it can also lead to death.*

*This small article is to give the readers a little awareness about drugs.*

## ***"SAY NO TO DRUGS"***

FATHIMATHUL RISANA(8 A)



# കുഞ്ഞുമഴ

മഴ മഴ മഴ മഴ കുഞ്ഞുമഴ
ചാരി പെയ്ത്തു വരുന്ന മഴ
കാർമേഘങ്ങൾ മൂടുന്നു
ഇടിയും മിന്നലുമുണ്ടല്ലോ
വെള്ളപ്പൊക്കമിതമ്പമ്പോ
വീടുകളാകെ നശിച്ചല്ലോ!
തോടും പുഴയും ഒന്നായി
കാടുകളൊക്കെ തകർന്നല്ലോ
വഞ്ചികളാകെ മുങ്ങിപ്പോയി
സുനാമി വല്യതും വന്നല്ലോ
എല്ലാവരുമിന്നൊന്നായി
നമ്മൾക്കെന്തിന് ജാതിമതം
മഴ മഴ മഴ മഴ കുഞ്ഞുമഴ
ചിറിപ്പാഞ്ഞു വരുന്ന മഴ(2)

അഞ്ജലി .പി.പി
(6 B)



# വിഢിയായ സിംഹം

പണ്ട് പണ്ട് ഒരിടത്തു ഒരു സിംഹ രാജാവുണ്ടായിരുന്നു.. ഓരോ ദിവസവും ഈ സിംഹം തന്റെ പ്രജകളെ പിടിച്ചു തിന്നുമായിരുന്നു. ഒരു ദിവസം ഒരു ആന പറഞ്ഞു ഞാൻ അപ്പുറത്തെ ഗ്രാമത്തിലേക്ക് പോവുകയാണ്. ആന തിരിച്ചുവന്നപ്പോൾ  കൂടെ ഒരു കുരങ്ങൻ. സിംഹരാജാവ് പറഞ്ഞു ഇന്നത്തെക്കുള്ള ഭക്ഷണം ഈ കുരങ്ങാനാവട്ടെ. പ്രഭോ എന്നെ ഭക്ഷിക്കരുത് അങ്ങു ഇതു കുടിച്ചാലും നിങ്ങൾ ശക്തിമാനാകും വിഢിയായ രാജാവു അത് കുടിച്ചു. അപ്പോൾ തന്റെ ശക്തി മുഴുവനായും നഷ്ടപ്പെട്ടു. സിംഹാരാജാവിനെ കൂട്ടിൽ അടച്ചുപ്പൂട്ടുവിൻ. സിംഹം കൂട്ടിൽ കടന്നില്ല. ഉന്തികയറ്റി, പ്രജകൾക്കെല്ലാം സന്തോഷമായി അവർ കുരങ്ങനെ രാജാവാക്കി. എല്ലാവരും സിംഹത്തെ നോക്കി പൊട്ടിച്ചിരിച്ചു.



# കടൽ

തിരകളാൽ തിങ്ങിയ കടലിനെ കാണാൻ
എന്തു ഭംഗി.....

ഒഴുകിയലയുന്ന കടലിനെ കാണാൻ

എന്തു ഭംഗി....

തീരത്ത് എത്തി അലയുന്ന തിരകളിൽ കളിക്കുവാൻ

എന്തു മോഹം.....

മണലാൽ കുന്നുകൾ ഉണ്ടാക്കാൻ

എന്തു മോഹം....

എന്നാൽ മലിനമാകുന്നുവോ ഇന്നു കടലുകൾ

ഹേ മനുഷ്യാ! നിന്റെ ചെയ്തികളാൽ നശിച്ചുപോകുന്നുവോ കടൽ

മൃദുല .കെകെ ( 7 B)



# കുഞ്ഞുപൂമ്പാറ്റ

സുന്ദരിയാം കുഞ്ഞുപൂമ്പാറ്റേ

എന്റെ പൂന്തോട്ടത്തിൽ തേൻ കുടിക്കാൻ

നിനക്കു സ്വാഗതം...

പലനിറമായ നിന്നെ കാണാൻ എന്തു ഭംഗി

കുഞ്ഞുപൂമ്പാറ്റേ....

സുന്ദരമാം കുഞ്ഞുപുഷ്പങ്ങൾ നിന്നെ കാത്ത് നില്പുണ്ട്

വേഗം വാ കുഞ്ഞുപൂമ്പാറ്റേ...

മസീഹ.ആർ



## My lovely pup

I have a pup
A lovely pup
Her name is Shiny
when I say take the ball
She will take the ball
I say jump the fence
She will jump the fence
My lovely pup Shiny
**She is so shiny...**

Meeda Rahma.k(7A)



## STARS

Twinkle stars shiny stars
you are my best friends
I love you so much
Twinkle stars twinkle stars
Are you my friend little stars?
With smile on my face
with love in my heart
I welcome you all the day

Ardra.A (6A)



രാസവസ്തുക്കളുടെ രാജാവ് –സൾഫ്യൂരിക്ക് ആസിഡ്

പ്രമാണമലായകം –ജലം

സാർവ്വികലായകം –ജലം

വെളുത്തസ്വർണ്ണം – പ്ലാറ്റിനം

കറുത്തസ്വർണ്ണം – പെട്രോളിയം

വിഡ്ഢികളുടെ സ്വർണ്ണം –അയൺ പൈറൈറ്റ്

കറുത്തവജ്രം –കൽക്കരി

ശിലാതൈലം –പെട്രോളിയം

ബ്രൗൺ കോൾ –ലിഗ്നൈറ്റ്

മിനറൽ ഓയിൽ –പെട്രോളിയം

ബ്ളാക്ക് ലെഡ് –ഗ്രാഫൈറ്റ്

ഹാർഡ് കോൾ –ആന്ത്രസൈറ്റ്

യെല്ലോകേക്ക് –യുറേനിയം ഡൈഓക്സൈഡ്

ശ്രീലക്ഷ്മി .ആർ (10 A)



# അപരനാമങ്ങൾ

കൊച്ചിയുടെ ശ്വാസകോശം -മംഗളവനം

ഹരിതനഗരം -കോട്ടയം

അക്ഷരനഗരം -കോട്ടയം

കേരളത്തിന്റെ കാശ്മീർ - മൂന്നാർ

തേക്കടിയുടെ കവാടം -കുമളി

മയൂരസന്ദേശത്തിന്റെ നാട് -ഹരിപ്പാട്

കേരളത്തിന്റെ ഹോളണ്ട് -കുട്ടനാട്

കേരളത്തിന്റെ മൈസൂർ -മറയൂർ

അറബിക്കടലിന്റെ റാണി -കൊച്ചി

പാലക്കാടൻ കുന്നുകളുടെ റാണി -നെല്ലിയാമ്പതി

കേരളത്തിന്റെ വിനോദസഞ്ചാര തലസ്ഥാനം -കൊച്ചി

അപിൻ ദാസ് .ടി(10 D)

# ഹൈടെക് സ്കൂൾ

സ്കൂളായാൽ കുട്ടികൾ വേണം
കുട്ടികൾക്ക് ഡിസിപ്ലിൻ വേണം
സ്കൂളിന് നാഥനായി
ഹെഡ്മാസ്റ്റർ വേണം
കുട്ടികളെ ഹൈടെക്കാക്കാൻ
ഹൈടെക് അധ്യാപകർ വേണം
അധ്യാപകരെ ഹൈടെക്ക്കാൻ
ട്രെനിംങ്ങും വേണം.
ട്രെനിംങ്ങു കഴിഞ്ഞാലോ അവ
പ്രായോഗികമാക്കാനായി
ഹൈടെക് ക്ലാസ്സ് റൂമുകൾ
തന്നെ വേണം നിശ്ചയം.
കുട്ടികളെ ഗണിതം, ശാസ്ത്രം
സാമൂഹ്യ ശാസ്ത്രവും പിന്നെ
പല പല ഭാഷകളും
പഠിപ്പിക്കേണം.
ശാസ്ത്ര വിഷയങ്ങളിൽ വൈദഗ്ധ്യം
നേടുവാനായിട്ട്
ശാസ്ത്രപോഷിണി ലാബുകൾ
വേണം മാളോരേ.
പഠന കാര്യങ്ങൾ അനുഭവസിദ്ധമാക്കാനായി
കുട്ടികൾ പ്രവർത്തനങ്ങൾ
സ്വയം ചെയ്യേണം.
പറഞ്ഞു പഠിപ്പിച്ചതും
ചെയ്തു പഠിച്ചതുമെല്ലാം
നന്നായിട്ടോർമ്മിക്കുവാൻ
കമ്പ്യൂട്ടർ വേണം.
കമ്പ്യൂട്ടറോ മാത്രം പോരാ
ഇന്റർനെറ്റ് കണക്ഷൻ വേണം
ക്ലാസ്സിൽ ഇവ പ്രയോഗിക്കാൻ
പ്രൊജക്ടർ വേണം.
കുട്ടികളിൽ കലാനൈപുണ്യം
വളർത്തുവാനായിട്ട്
ചിത്രകലാ അധ്യാപകൻ
പ്രവർത്തിക്കേണം
കായിക വളർച്ചക്കായി
കളിസ്ഥലം വേണം പിന്നെ
അവരെ നയിച്ചിടുവാൻ
ഗുരുവും വേണം.
കുട്ടികളെ ഭാവിയുടെ വാഗ്ദാനങ്ങളാക്കുവാനും
സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാനും
നമ്മൾ അധ്യാപകർ തന്നെ
മുന്നോട്ടിറങ്ങി വരേണം
നല്ല ഒരു നാളേക്കായി
പ്രവർത്തിച്ചിടാം.......

ശ്രീമതി. ലത .എ .പി
HSA CHEMISTRY

# सुभाषितानि


अष्टादश पुराणोषु व्यासस्य वचनद्वयम्
परोपकारः पुण्याय पापाय परपीठनम्

परोपकाराय फलन्ति वृक्षाः
परोपकाराय वहन्ति नध्यः
परोपकाराय दुहन्ति गावः
परोपकाराय सतां विभूतयः


वृश्चिकस्य विषं पुछे
मक्षिकायाश्च मस्तके
तक्षकस्य विषं दन्ते
सरवाङ्गे दुजनो विषं॥

Sreelakshmi .R(10 A)


# ഗണിത രൂപങ്ങൾ




മീനാക്ഷി .എം (5 A)



ഫാത്തിമത്തുൽ നജില . സി (5 A )



അർച്ചന . കെ (8 C )



ഇന്ദുലേഖ .സി ( 10 C)

## എനിക്കുണ്ടൊരു നല്ല സുഹൃത്ത്



എൻ വിഷമങ്ങളെല്ലാം മാറ്റിത്തരും സുഹൃത്ത്

എന്നുടെകൂടെ എല്ലായ്പ്പോഴും നിൽക്കും

പാവമാണെന്റേ സുഹൃത്ത്

താങ്ങായും തണലായും നിൽക്കുമെൻ സുഹൃത്ത്

പാവമാണെന്റെ സുഹൃത്ത്

ഞാൻ ഒന്നും ചെയ്തില്ല എൻ സുഹൃത്തിന് ഇന്നേവരെ

എന്നാൽ  മാറ്റികൊടുക്കുമെൻ സുഹൃത്തിൻ സങ്കടം.

മുഹ്സിന.കെ (9A)

## RAIN



In the begginning
it was very small-
small cool drops...
it travells throug
the hill , plain , rivers
and so on
all of us know.

Fathimathul Risana (8 A)

# INSPIRATIONAL QUOTES

*1."FACE FAILURE UNTIL FAILURE FAILS TO FACE YOU"*

*2."HATERS HATE ME ITS SECRET OF MY ENERGY"*

*3."EVERYDAY MAY NOT BE A GOOD DAY BUT THERE IS GOOD IN EVERY DAY"*

*4."THE BEST AND MOST BEAUTIFUL THINGS IN THE WORLD CANNOT BE SEEN OR EVEN TOUCHED -THEY MUST BE FELT WITH THE HEART"*

***5."THE BEST PREPARATIONS FOR TOMORROW IS DOING YOUR BEST TODAY"***

Sama (8D)

# ചിത്രശാല



അസ്‌ലഹഫർഹ (7 c)



ഫാത്തിമാ മിൻഹ ( 5 A)



അൻസിയ .എ.കെ (5 A)



ജഗൻ.വി .പി(8 B)

# ചിത്രശാല




മുഹമ്മദ് യാസിർ (7 **B**)



അമീനാ പർവീൻ . കെ ( 8 **B** )



ഐഷ ഫർഹാന ( 7 **C**)



അമൃതാ .പി.എസ് (5 **A**)

# ഡിജിറ്റൽ പെയ്ന്റിങ്



ശ്രീജിൻ കൃഷ്ണ .എൻ

(9 C)

അനഘ .എം.പി

(9 B)



# സ്കൂൾ
# വാർഷികാഘോഷം





ഹയർസെക്കണ്ടറി ബ്ലോക്ക് ഉദ്ഘാടനം

ബഹു: വിദ്യാഭ്യാസ മന്ത്രി പ്രൊഫ: സി.രവീന്ദ്രനാഥ്


നിർവ്വഹിച്ചു



**പുതിയ ഹൈസ്കൂൾ ഓഫീസ് റൂം ഉദ്ഘാടനം**

**ബഹു.മുൻ പ്രധാനാധ്യാപകൻ ശ്രീ . സേതുമാധവൻ മാസ്റ്റർ**

**നിർവ്വഹിച്ച.**



**ഹൈടെക് ക്ലാസ്സ് റൂം ഉദ്ഘാടനം അമ്പലപ്പാറ പഞ്ചായത്ത് പ്രസിഡന്റ്**

**ശ്രീ . പി. കുഞ്ഞൻ നിർവ്വഹിച്ച.**



**ദേശീയ സ്കൂൾ കബഡി മത്സരത്തിൽ കേരളാ ടീമിന്റെ പരിശീലകനായി**

**സ്കൂളിലെ കായികാധ്യാപകൻ ശ്രീ.സുധീഷ് .എസ് തിരഞ്ഞെടുക്കപ്പെട്ടു.**

# സ്കൂളിന്റെ അഭിമാനങ്ങൾ




ശ്രീലക്ഷ്മി.ആർ, ഇന്ദുലേഖ.സി

റവന്യൂ ജില്ലാ ശാസ്ത്ര മേളയിൽ എ ഗ്രേഡ്



സൂര്യജിത്ത്.എ.പി,

റവന്യൂ ജില്ലാ പ്രവൃത്തിപരിചയ മേളയിൽ

മൂന്നാം സ്ഥാനവും എ ഗ്രേഡും



മുഹമ്മദ് റാഷിദ്

റവന്യൂ ജില്ലാ സ്കൂൾ കലോൽസവത്തിൽ
അറബിഗാനം മൂന്നാം സ്ഥാനവും എ ഗ്രേഡ്
,ഖുർആൻ പാരായണം മൂന്നാം സ്ഥാനവും എ ഗ്രേഡ്
മാപ്പിളപ്പാട്ട് എ ഗ്രേഡ്

# സ് ക്കൂൾ ആൽബം


പ്രവേശനോത്സവം


ISRO സയന്റിസ്റ്റുമായി സംഭാഷണം


സംസ്ഥാന കബഡി മത്സരം


കലാപ്രവർത്തനങ്ങൾ


ശിശു ദിന റാലി


സ്വതന്ത്ര ചിത്രചന


വിനോദയാത്ര



റോട്ടറി ക്ലബ്


മലയാള തിളക്കം


അക്ഷരമുറ്റം ക്വിസ്

# നന്ദി

മാഗസീൻ നിർമ്മാണത്തിൽ ഞങ്ങൾക്ക് നിർദ്ദേശങ്ങൾ

നൽകിയ എല്ലാ അദ്ധ്യാപിക - അദ്ധ്യാപകർക്കും , ഞങ്ങളോടൊപ്പം

പ്രവർത്തിച്ച പ്രിയ സുഹൃത്തുക്കൾക്കും ലിറ്റിൽകൈറ്റ്സ്

യൂണിറ്റിന്റെ പേരിൽ നന്ദി അറിയിക്കുന്നു .

